# പതിനാലാം കേരള നിയമസഭ

## <u>പതിമൂന്നാം സമ്മേളനം</u>

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1997

## (05.12.2018-ൽ മറുപടി നൽകേണ്ടിയിരുന്നത്)

### 'സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിലെ ഡെപ്യൂട്ടേഷൻ നിയമനം'

| ചോദ്യം<br>ശ്രീ. പി.ടി.എ. റഹീം<br>ബഹു.എം.എൽ.എ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) | പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്ന് സർക്കാർ വകുപ്പുകളിലേക്കോ പൊതുമേഖല സ്ഥാപനങ്ങളിലേക്കോ ഡെപ്യൂട്ടേഷനിൽ ജോലി നൽകാൻ വ്യവസ്ഥയുണ്ടോ ; വിശദമാക്കാമോ; | സർക്കാരിന്,പൊതു താൽപര്യാർത്ഥത്തിലും , എഴുതി രേഖപ്പെടുത്തേണ്ട കാരണങ്ങളാലും ആഫീസർമാരെ ഒരു സർവീസിൽ നിന്നും മറ്റൊരു സർവീസിലേക്കോ അല്ലെങ്കിൽ ഒരേ സർവീസിലുള്ള ഒരു വകുപ്പിൽ നിന്നും മറ്റൊരു വകുപ്പിലേക്കോ ഡെപ്യൂട്ട് ചെയ്യുകയോ ട്രാൻസ്ഫർ ചെയ്യുകയോ അല്ലെങ്കിൽ, ഓരോ കേസിലും സർക്കാരിന് ചുമത്താവുന്ന അങ്ങനെയുള്ള നിബന്ധനകൾക്ക് വിധേയമായി , ആഫീസർമാരെ മറ്റു സർക്കാരുകളിൽ നിന്നോ അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടറി ബോഡികളിൽ നിന്നോ എടുക്കുകയോ അവയിലേക്ക് അയച്ച് കൊടുക്കുകയോ ചെയ്യുന്നതിന് 1958 -ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസസ് റൂൾസ് ഭാഗം 2 ചട്ടം 9 B -യിൽ വ്യവസ്ഥയുണ്ട് . പി.എസ്.സി കൺസൾട്ടേഷൻ ഒഴിവാക്കിയിട്ടില്ലാത്ത കേസുകളിൽ , അത്തരം ഡെപ്യൂട്ടേഷനുകളേയും ട്രാൻസ്ഫറുകളേയും സംബന്ധിച്ച് കമ്മീഷനുമായി കൂടിയാലോചന നടത്തേണ്ടതുമാണ്.<br><br>1958 -ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസസ് ചട്ടങ്ങൾ ഏതെങ്കിലും പൊതു മേഖലാസ്ഥാപനം പിന്തുടരുന്നുവെങ്കിൽ ഇത്തരം സ്ഥാപനങ്ങളിലും മേൽചട്ടപ്രകാരം ഡെപ്യൂട്ടേഷൻ നിയമനം നടത്താവുന്നതാണ്. സ്വന്തം സർവീസ് ചട്ടങ്ങൾ നിർമ്മിച്ചിട്ടില്ലാത്തതും എന്നാൽ കെ.എസ് & എസ്.എസ്. ചട്ടങ്ങൾ പിന്തുടരാത്തതുമായ സ്ഥാപനങ്ങളിലെ ഡെപ്യൂട്ടേഷൻ സംബന്ധിച്ച് ഭരണസൗകര്യാർത്ഥം സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണ് |

| | | |
|---|---|---|
| (ബി) | ഒരു സർക്കാർ ഉത്തരവിൽ തന്നെ തുടർച്ചയായ രണ്ട് വർഷത്തേക്ക് ഡെപ്യൂട്ടേഷൻ നൽകാൻ വ്യവസ്ഥയുണ്ടോ; | കേരള സർവീസ് ചട്ടങ്ങൾ പ്രകാരം ഡെപ്യൂട്ടേഷൻ കാലയളവ് ആരംഭത്തിൽ ഒരു വർഷവും , അത് വർഷാവർഷം ദീർഘിപ്പിച്ച്, മൊത്തം തുടർച്ചയായ അഞ്ച് വർഷം വരെയാകാവുന്നതുമാണ്. |
| (സി) | എയ്ഡഡ് സ്ഥാപനത്തിലെ ജീവനക്കാരെ സർക്കാർ സർവീസിൽ സ്ഥിരപ്പെടുത്താൻ വ്യവസ്ഥയുണ്ടോ; | ഇല്ല |
| (ഡി) | എയ്ഡഡ് സ്ഥാപനങ്ങളിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വന്ന ജീവനക്കാരെ മുൻ സർക്കാരിന്റെ കാലത്ത് സർക്കാർ സർവീസിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; | ഉണ്ട്. Kerala State Audio Visual and Reprographic Centre -ൽ നിന്നും കേരള ലോകായുക്തയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം ലഭിച്ച ശ്രീമതി അംബിക ദേവി.എം.എസ് എന്നവരെ 11.07.2011 തീയതിയിലെ സ.ഉ (സാധാ) 21/2011/Vig പ്രകാരം കേരള ലോകായുക്തയിൽ സ്റ്റെനോഗ്രാഫർ തസ്തികയിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | ഉണ്ടെങ്കിൽ ആരെയെല്ലാമെന്നും ഏതൊക്കെ വകുപ്പുകളിലെന്നും വിശദമാക്കാമോ? | |

**അക്കൗണ്ട്സ് ഓഫീസർ**